## കേരള സർക്കാർ

നം: 18901/ആർ.എ.3/2007/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 8/7/2009.

### സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - കേരള മുൻസിപ്പാലിറ്റി നിയമം 406 -ാം വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

നിയമവിരുദ്ധമായി ആരംഭിച്ചതോ, നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിൽ വിശദമാക്കിയിട്ടുണ്ട്. നോട്ടീസുകൾ നൽകുന്നതിലും ഉത്തരവുകൾ പാസ്സാക്കുന്നതിലും പാലിക്കേണ്ട നടപടിക്രമം 406 -ാം വകുപ്പിന്റെ ഉപവകുപ്പുകളിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ പല നഗരസഭകളിലും നിയമാനുസൃതമുള്ള നടപടിക്രമം പാലിക്കാതെയാണ് 406(1) -ാം വകുപ്പ് പ്രകാരം നിയമവിരുദ്ധ നിർമ്മാണം നീക്കം ചെയ്യുന്നതിന് ആവശ്യമായ പ്രൊവിഷണൽ ഉത്തരവ്; 406 (2) -ാം വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്, 406 (3) -ാം വകുപ്പ് പ്രകാരമുള്ള സ്ഥിരീകരണ ഉത്തരവ് എന്നിവ നൽകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭാസെക്രട്ടറി പുറപ്പെടുവിക്കേണ്ട ഉത്തരവുകൾ മുൻസിപ്പൽ എൻജിനിയറോ, ടൗൺ പ്ലാനിംഗ് ഓഫീസറോ പുറപ്പെടുവിക്കുന്നതായും കണ്ടിട്ടുണ്ട്. പ്രസ്തുത നോട്ടീസുകൾ/ ഉത്തരവുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ നിയമാനുസൃതമുള്ളതല്ല എന്ന കാരണത്താൽ റദ്ദാക്കപ്പെടുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നടപടി ക്രമങ്ങളിലെ അപാകത ചൂണ്ടിക്കാട്ടി അപ്പീലുകൾ അനുവദിക്കുന്ന കേസുകളിൽ ട്രിബ്യൂണൽ, അവ പരിഹരിച്ചുകൊണ്ട് പുതുതായി നടപടികൾ ആരംഭിക്കുവാൻ നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതായും കാണുന്നു. എന്നാൽ ട്രിബ്യൂണൽ പരാമർശിക്കുന്ന ന്യൂനതകൾ പരിഹരിക്കാതെ തന്നെ വീണ്ടും നോട്ടീസുകൾ നൽകുന്നതും ഉത്തരവുകൾ പാസ്സാക്കുന്നതുമായ സ്ഥിതിവിശേഷവുമുണ്ട്. ഇത് അനധികൃത നിർമ്മാണം നടത്തുന്നവ

ർക്ക് സഹായമാവുകയും, പലപ്പോഴും, ഈ കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ അവർക്ക് അവസരമൊരുക്കുകയും ചെയ്യുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് കേരള മുൻസിപ്പാലിറ്റി നിയമം 406 -ാം വകുപ്പിന്റെ ഉപവകുപ്പുകളിൽ അനുശാസിക്കുന്ന നടപടി ക്രമം പൂർണ്ണമായി പാലിച്ചുകൊണ്ടാവണമെന്ന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതും ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ടി. കെ. ജോസ്,
സെക്രട്ടറി
തദ്ദേശസ്വയം ഭരണ വകുപ്പ്

എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ (കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തദ്ദേശസ്വയം ഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം-695581
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ. ക്ക്
തദ്ദേശസ്വയംഭരണ (ആർ. എ., ആർ. ബി) വകുപ്പുകളിലെ എല്ലാ സീറ്റുകളിലേക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ